LIBRARY ARCHIVES Kerala Legislative Assembly

നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി

*25 [441] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽക്കൃഷിയും നെല്ലുൽപാദനവും ഗണ്യമായി കുറഞ്ഞുവരികയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നെൽക്കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) നെൽക്കൃഷിക്കാർക്ക് മെച്ചപ്പെട്ട വിത്തിനങ്ങൾ ലഭിക്കുന്നതിനും മിതമായ വിലയ്ക്ക് വളങ്ങൾ ലഭിക്കുന്നതിനും ഉൽപ്പന്നങ്ങൾക്ക് നല്ലവില ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) കൂടുതൽ ആളുകളെ നെൽക്കൃഷിയിലേക്ക് ആകർഷിക്കുന്നതിന് നെൽക്കൃഷിക്കാർക്ക് സബ്സിഡിയും വായ്പകളും ലളിതമായ മാർഗ്ഗങ്ങളിലൂടെ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്.

(ബി) നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം ഗണ്യമായി കുറഞ്ഞുവരുന്നത് തടയാൻ ഭൂവിനിയോഗ നിയമം കർശനമായി നടപ്പിലാക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ നെൽക്കൃഷി വികസന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

(സി—ഇ) സംസ്ഥാനത്ത് നെൽക്കൃഷി വികസനത്തിനായി 2004-05 വർഷം സംസ്ഥാനാവിഷ്കൃത നെൽക്കൃഷി വികസന പദ്ധതി പ്രകാരം 1080 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 800 ലക്ഷം രൂപയും ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നു. ശാസ്ത്രീയകൃഷി രീതികൾ അവലംബിച്ചും, ഒരു പരിധിവരെ യന്ത്രവൽക്കരണം നടപ്പിലാക്കിയും, ഉൽപ്പാദന ചെലവ് കുറയ്ക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ ലഭ്യമാക്കുവാനും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. നെൽകൃഷിക്ക് പൂർണ്ണമായി വൈദ്യുതി സൗജന്യം നൽകുന്നത് കൂടാതെ കൊയ്ത്തുകാലത്ത് സർക്കാർ വിപണിയിൽ ഇടപെട്ട് കർഷകർക്ക് അവർ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന് ന്യായവില ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ട്. ഉൽപ്പാദനോപാധികൾ ലഭ്യമാക്കുവാനും സംസ്ക്കരണ വിപണന സൗകര്യങ്ങൾ [illegible] നടപടികൾ സ്വീകരിക്കുന്നുണ്ട്. ഗ്രൂപ്പു [illegible] പദ്ധതി പ്രകാരം

ഹെക്ടറിന് ആയിരം രൂപ നിരക്കിൽ സബ്സിഡി നൽകിവരുന്നു. കൂടാതെ സംയോജിത വളപ്രയോഗത്തിന് മണ്ണുപരിശോധന, പച്ചിലവള വിത്തു വിതരണം, ജീവാണുവളം പ്രോൽസാഹിപ്പിക്കുന്നതിനു ധനസഹായം, സംയോജിത കീടനിയന്ത്രണം, ഓരോ സീസണിലും നെൽക്കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിനു 350 രൂപ നിരക്കിൽ ഉല്പാദന ബോണസ്, പ്രശ്നാധിഷ്ഠിത പ്രദേശങ്ങളിൽ നെൽക്കൃഷി വികസനത്തിനു രൂപീകരിച്ചിട്ടുള്ള നെൽ വികസന ഏജൻസികൾക്ക് പ്രോജക്ട് അടിസ്ഥാനത്തിൽ ധനസഹായം എന്നിവയും അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം ലഭ്യമാക്കുന്നതിനു വിത്ത് വികസന അതോറിറ്റി രൂപീകരിക്കുകയും നെൽക്കൃഷി വികസിപ്പിക്കുന്നതിനും കൂടുതൽ കർഷകരെ നെൽക്കൃഷിയിലേക്ക് ആകർഷിക്കുന്നതിനും വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനും പലിശ ബാദ്ധ്യത കുറയ്ക്കാനുമുള്ള നടപടികൾ

1 [2864] ശ്രീ. ജോസഫ് എം. പുതുശ്ശേരി:

" സ്റ്റീഫൻ ജോർജ്ജ്:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പലിശ ബാധ്യത കുറച്ചുകൊണ്ടുവരുന്നതിന് കടമെടുപ്പ് മിതപ്പെടുത്തുവാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനായി കൈക്കൊള്ളുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പദ്ധതി അടങ്കലും പദ്ധതിചെലവും വർദ്ധിച്ചുവരുന്നതിനാൽ കടമെടുപ്പ് മിതപ്പെടുത്തുവാൻ സാധിക്കുന്നില്ല. എന്നാൽ പലിശ ബാധ്യത കുറയ്ക്കുന്നതിലേക്കായി ഉയർന്ന പലിശ നിരക്കിലുള്ള വായ്പകൾ കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകളായി രൂപാന്തരപ്പെടുത്തി വരുന്നു.

(ബി) നികുതിയേതര വരുമാനം പരമാവധി ലഭിക്കുന്നതിലേക്കായി നികുതിയേതര വരുമാനം ലഭിക്കുന്ന പ്രധാനപ്പെട്ട വകുപ്പുതലവന്മാരുടെ അവലോകന മീറ്റിംഗ് സർക്കാർ തലത്തിലും വകുപ്പുതലത്തിലും നടത്താൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly